# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ : 3835** **23.08.2017-ൽ മറുപടിയ്ക്ക്**

**<u>അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി</u>**

**ചോദ്യം**
**ശ്രീ. അനിൽ അക്കര**

**മറുപടി**
**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | തൃശ്ശൂരിലെ അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി നിലവിൽ വന്നതിനു ശേഷം കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് ബാങ്കിൽ നിന്നും ചെലവഴിച്ച തുകയുടെ കണക്ക് ഇനം തിരിച്ച് വ്യക്തമാക്കുമോ; | (എ) | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി നിലവിൽ വന്നതിനു ശേഷം കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് പ്രത്യേകിച്ച് ചെലവുകൾ ഒന്നും തന്നെ ഉണ്ടായിട്ടില്ല. |
| (ബി) | പ്രസ്തുത കമ്മിറ്റി കേസ് നടത്തിപ്പിനായി സ്വകാര്യ അഭിഭാഷകനെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ കേസ് സംബന്ധിച്ച് അഭിഭാഷകന് ഫീസ് ഇനത്തിൽ നൽകിയ തുകയുടെ കണക്ക് വ്യക്തമാക്കുമോ; | (ബി) | ബാങ്കിന്റെ സ്റ്റാന്റിംഗ് കൗൺസിലായി അഡ്വക്കേറ്റ് പി.സി. ശശിധരനെ നിയോഗിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയിലെ ഡബ്ല്യൂ.പി.(സി). 14016/17 നമ്പർ കേസുമായി ബന്ധപ്പെട്ട് 35000/- രൂപയും, ഡബ്ല്യൂ.പി.(സി) 38905/16 നമ്പർ കേസിൽ 40000/- രൂപയും ചെലവായിട്ടുണ്ട്. ലീഗൽ അഡ്വൈസറായ അഡ്വക്കേറ്റ് ഉണ്ണികൃഷ്ണന് ലീഗൽ ഫീസായി 20000/- രൂപയും, വിജയകുമാർ എന്ന ജീവനക്കാരനെ സസ്പെന്റ് ചെയ്തതു സംബന്ധിച്ച് ഗാർഹികാന്വേഷണം നടത്തുന്ന വകയിൽ അഡ്വക്കേറ്റ് കെ.ജി.ബാലന് 19000/- രൂപയും നൽകിയിട്ടുണ്ട്. ലോകായുക്തയിൽ 723/17 എ, 722/17 എ, 721/17 എ എന്നീ പരാതികളിൽ ബാങ്കിന് വേണ്ടി ഹാജരായ വകയിൽ അഡ്വക്കേറ്റ് രവിശങ്കറിന് 22500/- രൂപയും നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സർക്കാർ മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണോ അഭിഭാഷകന് ഫീസ് തുക നൽകിയിട്ടുള്ളത്; | (സി) | അഭിഭാഷകർക്ക് പ്രതിഫലം നൽകുന്നത് സംബന്ധിച്ച് സഹകരണ സംഘങ്ങൾക്ക് ബാധകമായ സർക്കാർ മാനദണ്ഡങ്ങൾ നിലവിലില്ലെങ്കിലും സംഘം നിയമാനുസൃതം വൗച്ചറുകളും, രസീതുകളും സൂക്ഷിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത കമ്മിറ്റി നിലവിൽ വന്നതിനു ശേഷം പരസ്യം, സംഭാവന തുടങ്ങിയ ഇനങ്ങളിൽ പണം നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കണക്ക് വ്യക്തമാക്കുമോ? | (ഡി) | പരസ്യം, സംഭാവന എന്നീ ഇനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ